# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

LMS LPS
Ponnamkulam

# ആമുഖം

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഇന്ന് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വിവിധ പരിപാടികൾ വിവിധ ഏജൻസികളുടെ സഹായത്തോടെ നടത്തി വരികയാണ്. എന്നാൽ ചിലപ്പോഴെങ്കിലും കൃത്യമായ ആസൂത്രണമില്ലായ്മ കൊണ്ടോ പദ്ധതികളുടെ ഏകോപനക്കുറവു കൊണ്ടോ പല പദ്ധതികളും പൂർത്തിയാക്കാൻ കഴിയാതെ വരികയോ വഴിയിൽ ഉപേക്ഷിക്കേണ്ടി വരികയോ ചെയ്യാറുണ്ട്.

ഓരോ വിദ്യാലയവും അതിനനുയോജ്യമായ പദ്ധതികൾ കണ്ടെത്തുകയും പരിക്ഷിക്കുകയും അതിനനുസൃതമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. P.TA, SSG, SMC എന്നിവരുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

തുടർച്ചയായ 3 വർഷങ്ങളിൽ വിദ്യാലയത്തിൽ നടക്കേണ്ട എല്ലാ പ്രവർത്തനങ്ങളുടെയും ആധികാരിക രേഖയാണ് അക്കാദമികമാസ്റ്റർപ്ലാൻ. ഈ പദ്ധതി പ്രകാരം എല്ലാ പ്രവർത്തനങ്ങളും നടത്താനും നമ്മുടെ വിദ്യാലയത്തിന്റെ സമഗ്രവികസനത്തിന് ഈ മാർഗ്ഗരേഖ മുതൽക്കൂട്ടായിത്തീരട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

# Profile

Name of School : LMS LPS Ponnamkulam
Type of School : Aided
Year of establishment : 1903
Name of founder : Rev. Abbs
Name of Management : LMS (Corporate BHRD)
Name of BRC : Parassala.
Name of CRC : Parasuvaikal
Name of educational district : Neyyattinkara
Name of subdistrict : Parassala.
Name of Revenue district : Thiruvananthapuram
Name of Taluk : Neyyattinkara
Name of Block. : Parassala
Name of Panchayath : Parassala
Name of Village : Parasuvaikal
Name of Ward : Ponnamkulam
Post office : Parasuvaikal
Pin code : 695508
Name of H.M : Smt. Selin Pushpam
Mobile No : 9446178080

# വിദ്യാലയചരിത്രം

സമൂഹത്തിൽ ഉച്ചനീചത്വവും അനാചാരങ്ങളും നിലനിന്നിരുന്ന കാലത്ത് മറ്റുള്ളവരോടൊപ്പം അവർണ്ണർക്കും സൗജന്യവിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ LMS മിഷണറിയായിരുന്ന Rev. Abbs 1903-ൽ സ്ഥാപിച്ചതാണ് LMSLPS Ponnamkulam എന്ന വിദ്യാലയം. ആദ്യകാലത്ത് ആരാധനാലയത്തിലാണ് ഈ വിദ്യാലയം പ്രവർത്തിച്ചിരുന്നത്. പിൽക്കാലത്ത് ആരാധനാലയവും വിദ്യാലയവും വെവ്വേറെ കെട്ടിടങ്ങളിൽ മാറ്റപ്പെട്ടു. ഈ ദേശത്തിന്റെ സാമൂഹികസാംസ്കാരികവികസനത്തിൽ ഈ സ്ഥാപനം വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്.

ഒന്നു മുതൽ നാലുവരെ ക്ലാസുകളും PTA യുടെ സഹായത്തോടെ ഒരു പ്രീപ്രൈമറി സ്കൂളും ഇവിടെ പ്രവർത്തിക്കുന്നു. പ്രഥമാധ്യാപിക ഉൾപ്പെടെ നാല് അധ്യാപകരും ഒരു ആയയുമാണ് ഇവിടെ സേവനമനുഷ്ഠിക്കുന്നത്. SSG, SMC, SSA, ഗ്രാമപഞ്ചായത്ത്, അധ്യാപകർ തുടങ്ങിയവരുടെ നിരന്തരപരിശ്രമ ഫലമായി ഈ വിദ്യാലയം ഇന്ന് എല്ലാരംഗത്തും മുൻപന്തിയിൽ നിൽക്കുന്നു.

# നിലവിലെ അവസ്ഥ

## അക്കാദമികം

ഈ സ്കൂളിലെ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനു വേണ്ടി വർഷങ്ങളായി അധ്യാപകരുടെ നിരന്തരശ്രമഫലമായി കലാമേളകളിലും മത്സരപരീക്ഷകളിലും കുട്ടികൾ മികച്ച വിജയം നേടിയിട്ടുണ്ട്. മാത്രമല്ല LSS സ്കോളർഷിപ്പ്, യുറീക്കാവിജ്ഞാനോത്സവം, പ്രവൃത്തിപരിചയമേള എന്നിവയിൽ ഉന്നതവിജയം നേടാൻ സാധിച്ചത് ഈ സ്കൂളിന്റെ മികവായി എടുത്തു പറയേണ്ടതാണ്. പൊതു വിജ്ഞാനം, സ്പോക്കൺ ഇംഗ്ലീഷ് എന്നിവ കുട്ടികളുടെ നിലവാരം ഉയർത്താൻ സഹായിക്കുന്നു എല്ലാദിവസവും ഉച്ചക്ക് 1.30 മുതൽ 2.00 വരെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നടത്തി വരുന്നു. 5 പൊതുവിജ്ഞാന ചോദ്യങ്ങൾ എല്ലാദിവസവും നൽകി വരുന്നു. പിറ്റേദിവസത്തെ അസംബ്ലിയിൽ ഈ ചോദ്യങ്ങൾ ചോദിക്കുന്നു. വായനക്ക് പ്രാധാന്യം നൽകുന്നതിനായി എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ട്. ദിനപത്രം സ്കൂളിൽ വരുത്തുന്നു. ആഴ്ചയിലൊരുദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തിവരുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം, പ്രസംഗം, രചനാമത്സരങ്ങൾ എന്നിവ നടത്തുന്നു. മത്സരപരീക്ഷകൾക്ക് മികച്ച പരിശീലനം നൽകുന്നു.

## ഭൗതികം

സ്കൂളിന്റെ അടിസ്ഥാനസൗകര്യങ്ങൾ പരിമിതമാണ്. താൽക്കാലിക സ്ക്രീനുപയോഗിച്ചാണ് സ്കൂൾ മുറികൾ വേർതിരിച്ചിട്ടുള്ളത്. വർഷങ്ങൾക്കു മുൻപ് പണികഴിപ്പിച്ച മൺചുമരുകളോടു കൂടിയ കെട്ടിടവും പരിമിതമായ സൗകര്യങ്ങളോടു കൂടിയ സ്കൂൾ മുറ്റവുമാണുള്ളത്. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഇരുന്ന് ഭക്ഷണം കഴിക്കാൻ പ്രത്യേകം ഡൈനിംഗ് ഹാൾ ഇല്ലാത്തതിനാൽ ക്ലാസ് മുറികളിലിരുന്നാണ് ഭക്ഷണം കഴിക്കുന്നത്. കുടിവെള്ള സൗകര്യം പരിമിതമാണ്. ക്ലാസ് മുറികളുടെ തറ പലതും സിമന്റിട്ടതാണ്. ഇത് പല ഭാഗത്തും പൊട്ടിപൊളിഞ്ഞാണ് കിടക്കുന്നത്. ഇത് കാരണം തറയിലിരുന്ന് ഒരു പ്രവർത്തനവും ചെയ്യാൻ സാധിക്കുന്നില്ല. കുട്ടികളുടെ അനുപാതികമായി യൂറിനലും ടോയ്‌ലറ്റും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ലഭ്യമാക്കിയിട്ടുണ്ട്. സാമൂഹിക പങ്കാളിത്തത്തോടെ പല പ്രവർത്തനങ്ങളും നടക്കുന്നുണ്ടെങ്കിലും ഇനിയും അവ വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു. സ്ഥലപരിമിതിയാണ് മറ്റൊരു പ്രശ്നം. കുട്ടികൾക്ക് കളിസ്ഥലം വളരെ കുറവാണ്.

## സാമൂഹികം

സാമൂഹികപങ്കാളിത്തത്തോടെ പല പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. MLA ഫണ്ടിൽ നിന്നും പാചകപ്പുര നിർമ്മിക്കാൻ സാധിച്ചു. MLA ഫണ്ടുപയോഗിച്ച് 2 കമ്പ്യൂട്ടറും 2 projector ഉം സ്കൂളിന് ലഭിച്ചിട്ടുണ്ട്. PTA അംഗങ്ങളിൽ നിന്നും ഫാനുകൾ ലഭ്യമായിട്ടുണ്ട്. ഓണാഘോഷം സാമൂഹിക പങ്കാളിത്തത്തോടെ നടത്തുവാൻ സാധിച്ചിട്ടുണ്ട്. സ്വാതന്ത്ര്യദിനറാലി, ശിശുദിനം എന്നിവ സാമൂഹിക പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ സാധിച്ചു. എല്ലാ ദിനാചരണങ്ങളിലും ആഘോഷങ്ങളിലും പരിസരശുചിത്വം, പഠനയാത്ര എന്നിവയിലും സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്താൻ സാധിച്ചു. ഗാന്ധിദർശൻ പ്രവർത്തനത്തിന്റെ ഭാഗമായി സ്വയംതൊഴിൽപരിശീലനം, ലോഷൻ നിർമ്മാണം, ബോധവൽക്കരണക്ലാസുകൾ എന്നിവ സംഘടിപ്പിക്കാനും സാധിച്ചു.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
- സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്ക്കരിക്കും.
- വിദ്യാലയം ഒരു പാഠപുസ്തകം എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയപരിസരങ്ങൾ മാറ്റും.
- ആശയപ്രകടനശേഷി വർധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
- ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.
- ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജലനിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ. ഹരിതസേനരൂപീകരിക്കൽ.
- കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ചരീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥിസംഘങ്ങൾ രൂപീകരിക്കൽ.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ചരീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപകസമൂഹം.<br>• ആധുനികരീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിടസമുച്ചയം.<br>• മികച്ച ലൈബ്രറി, കമ്പ്യൂട്ടർപഠന സൗകര്യം.<br>• ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയ പഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്ത് എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ. പ്രത്യേക പരിഗണനയും പിന്തുണയും ആവശ്യമുള്ളവർക്കുള്ള വ്യക്തിഗതസപ്പോർട്ട്.<br>• സർഗ്ഗാത്മകവേദികൾ, ആശയപ്രകടനവേദികൾ, ജനാധിപത്യവേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതരപ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ, ജൈവവൈവിധ്യഅന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യുന്നു. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• ലൈബ്രറിസംവിധാനം ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുണ്ടെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്. |

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.

- ആശയാവതരണരീതിയിലൂടെ അടിസ്ഥാനഭാഷാശേഷികൾ നേടാൻ സചിത്രനോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- ക്ലാസ്സ്തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
- ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ആധുനിക ശാസ്ത്രസാങ്കേതിക സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാബോധം

- ജനാധിപത്യ വേദികൾ ഒരുക്കുക.
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

- ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം.

- അടിസ്ഥാനഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനചെയ്യുന്ന ഗണിതശേഷികൾ നേടിയെന്നുറപ്പാക്കുക.
- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

- വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തിപരിചയം.

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

- പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും, പ്രയോജനപരമായ ഉൽപ്പന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതരവിഷയങ്ങളുമായി/ പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം.

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക
- കലാഭിരുചി വളർത്തുക
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ കലാപഠനത്തിൽ ഉൾപ്പെടുത്തുക.
- 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.
-

## ആരോഗ്യ കായിക വിദ്യാഭ്യാസം.

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക.
3. ആരോഗ്യശീലങ്ങൾ വളർത്തുക.
4. ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങളൊരുക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക ഹരിതാഭമാക്കുക

# മലയാളം

പ്രവർത്തനം : 1.

പേര് : പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (2 പുസ്തകങ്ങൾ) | Suja Grace (Tr.) | 1000 |

പ്രവർത്തനം : 2

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | June മുതൽ March വരെ | Class Tr. | |

## പ്രവർത്തനം : 3

പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | Class Teacher | |
| | • പത്രവായന | ജൂൺ മുതൽ മാർച്ച് വരെ | Class Teacher | |

## പ്രവർത്തനം : 4

പേര് : പതിപ്പുകൾ

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ, ദിനാചരണങ്ങൾ, വിശേഷദിനങ്ങൾ എന്നിവ പങ്കുവയ്ക്കുന്ന പതിപ്പുകൾ ഒരുക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. | Class Teacher | |

പ്രവർത്തനം : 5

പേര് : എന്റെ വായനാകുറിപ്പുകൾ

ഉപമേഖല : വായന, ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാകുറിപ്പ് തയ്യാറാക്കൽ ചെറിയ ക്ലാസിൽ (വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | June മുതൽ March വരെ | Class Teacher | |

പ്രവർത്തനം : 6

പേര് : കയ്യെഴുത്തു മാസികകൾ.

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ' | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ. | June മുതൽ March വരെ | All teachers. | |

പ്രവർത്തനം : 7
പേര് : സർഗ്ഗവേള
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | കുട്ടികളുടെ സർഗ്ഗാത്മക കവിതകൾ, കഴിവുകൾ പ്രകടനങ്ങൾ എന്നിവ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുന്നു. | June മുതൽ March വരെ | Class Teacher | |

പ്രവർത്തനം : 8
പേര് : രചനോത്സവം.
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റിയെഴുതൽ. | June മുതൽ March വരെ | Class Teacher | |

പ്രവർത്തനം : 9
പേര് : ആശയാവതരണരീതിയിലൂടെ സചിത്രപാഠങ്ങൾ രൂപീകരിക്കുക
ഉപമേഖല : ആശയഗ്രഹണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയശേഷി കൈവരിക്കൽ | പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേകപരിശീലനം | June July | All teachers | |

പ്രവർത്തനം 10.

പേര് : പത്രവായന, ക്ലാസ്പത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു. ഭാഷാശേഷി പരിപോഷിപ്പിക്കുന്നു. കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു. | ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തനക്രമങ്ങളും SRG ൽ അവതരിപ്പിക്കുന്നു. | July മുതൽ March വരെ. | ക്ലാസ് ടീച്ചർ, HM, PTA | SSK PTA |

# ഇംഗ്ലീഷ്

**പ്രവർത്തനം : 1**

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | Class teacher | |

**പ്രവർത്തനം : 2**

പേര്: ഇംഗ്ലീഷ് ഡയറി. (3,4 ക്ലാസ്സുകളിൽ)

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ English-ൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | Class Teacher. | |

**പ്രവർത്തനം : 3**

പേര്: Reading Card Work Shop.

ഉപമേഖല : വായനാസാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് Cards ഉണ്ടാക്കുക | ജൂൺ | English club | |

പ്രവർത്തനം: 5

പേര്: Work Sheet WorkShop

ഉപമേഖല: അധ്യാപകശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നശേഷിക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം. | ജൂലൈ | Class teacher | |

## ഗണിതം

പ്രവർത്തനം: 1

പേര്: ഗണിതവർക്ക്ഷീറ്റ് ശില്പശാല

ഉപമേഖല: വർക്ക്ഷീറ്റ് തയ്യാറാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | Class teacher | |

പ്രവർത്തനം : 2

പേര് : ഗണിതമൂല.

ഉപമേഖല : ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കള്ളിനോട്ട്, കാർഡുകൾ) തുടങ്ങിയവ. | ജൂൺ | Class Teacher | |

പ്രവർത്തനം . 3

പേര് : യൂണിറ്റ് വിലയിരുത്തൽ.

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു. | June മുതൽ March | Class Tr. | |

പ്രവർത്തനം 4

പേര് : ഗണിതക്ലാസ് പി.ടി.എ.

ഉപമേഖല : സി.പി.ടി.എ. ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കുട്ടികളെ വിലയനം ചെയ്യുന്ന ഗണിതശേഷി നേടി എന്ന് ഉറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ HW പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് List ചെയ്ത് നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | Class teacher | |

പ്രവർത്തനം 5

പേര് : ഗണിതം മധുരം.

ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേകം പഠനപദ്ധതി ആസൂത്രണം ചെയ്യുക, ക്യാമ്പുകൾ ശില്പശാലകൾ | June മുതൽ August വരെ | Class teacher | |

## ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം : 1
പേര് : ഹെൽത്ത് ചെക്കപ്പ്
ഉപമേഖല : ആരോഗ്യം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പു വരുത്തുന്നതിനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്കപ്പ്. | June- September | PTA | |

പ്രവർത്തനം : 2
പേര് : കായികവിദ്യാഭ്യാസം - അധ്യാപകരിൽ പരിശീലനം
ഉപമേഖല : അധ്യാപകശാക്തീകരണം.

പ്രവർത്തനം : 3 Zumba dance

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളുടെയും കായിക ക്ഷമത വർദ്ധിപ്പിക്കുക. | കുട്ടികൾ ശാരീരികമായും മാനസികമായും വ്യായാമം ലഭിക്കുന്നതിനും പഠനത്തിൽ ഉത്സാഹം വർധിപ്പിക്കാനും | June മുതൽ March | Ashita Tr. | PTA. |

# പരിസരപഠനം

പ്രവർത്തനം : 1

പേര് : ശാസ്ത്രപഠനോപകരണശില്പശാല.

ഉപമേഖല : ലാബ് ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിലും അനുയോജ്യമായ പരീക്ഷണനിരീക്ഷണപ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ ഷോപ്പുകൾ സംഘടിപ്പിക്കൽ. | ഓരോ ടേമിലും | Class teacher | |

പ്രവർത്തനം : 2

പേര് : എന്റെ പരീക്ഷണം. (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്

ഉപമേഖല : ശാസ്ത്രഅവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശാസ്ത്രപഠനതാൽപര്യം വളർത്തുക, ശാസ്ത്രാവബോധം വളർത്തുക. ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും. | Class Tr. | |

പ്രവർത്തനം 3
പേര് : ശുചീകരണ കിറ്റ്
ലക്ഷ്യം : ശുചീകരണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| [illegible] | [illegible] ശുചീകരണ [illegible] ശുചീകരണ കിറ്റ് [illegible] | June മുതൽ March വരെ | Class Teacher | |

സാമൂഹ്യശാസ്ത്രവിഭാഗം

പ്രവർത്തനം 1
പേര് : [illegible]
ലക്ഷ്യം : [illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] | |

പ്രവർത്തനം : 2.
പേര് : പ്രാദേശികമറിവ്.
ഉപമേഖല : നാട്ടറിവ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന്, സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക. | November | SSG | |

പ്രവർത്തനം : 3
പേര് : ഫീൽഡ് ട്രിപ്പ്.
ഉപമേഖല : പൊതുസ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | Class Tr. | |

# വിവരസാങ്കേതികവിദ്യ

പ്രവർത്തനം : 1

പേര് : വിവരസാങ്കേതികവിദ്യയിൽ പരിശീലനം.

ഉപമേഖല : അധ്യാപകശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ (സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2

പേര് : IT ലാബ്

ഉപമേഖല : കമ്പ്യൂട്ടർവിജ്ഞാനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്ര്യമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം. | IT, ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | June-August | SITC | |

# പ്രവൃത്തിപരിചയം.

പ്രവർത്തനം : 1
പേര് : പ്രവൃത്തിപരിചയശില്പശാല.
ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ | Septemba | Class teacher | |

പ്രവർത്തനം : 2.
പേര് : പേപ്പർബാഗ് നിർമ്മാണം.
ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പേപ്പർബാഗ് നിർമ്മാണപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | June - Mourch | SSG | |

പ്രവർത്തനം : 3.
പേര് : ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതരവിഷയവുമായി പഠനവുമായി പ്രവൃത്തിപഠനത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ, പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേഴ്സൺ | |

## സർഗവേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. [കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം- വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്നതരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക | നൃത്തം, ആലാപനം, ചിത്രരചന, Craftwork പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | |